## ആരോഗ്യവകുപ്പ് കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം - ആ.വ.ഡ - ജീവനക്കാര്യം - ഹെഡ് ക്ളർക്കുമാരെ സ്ഥലംമാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന - 1. ഈ ഓഫീസിലെ 29.06.17. 12.07.17 തീയതികളിലെ ഇ.ഡി 1-07/17/ആ.വ.ഡ നമ്പർ ഉത്തരവ്

2. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.12.17 നമ്പർ കേസിലെ 13.07.17 ലെ ഇടക്കാല ഉത്തരവ്.

### ഉത്തരവ് നം. ഇ.ഡി 1/55404/17/ആ.വ.ഡ തീയ്തി 23.08.17

ഈ ഓഫീസിലെ ഇ.ഡി1/07/17/ആ.വ.ഡ തീയതി 29.06.17 പ്രകാരം ഇടുക്കി ജില്ലയിലെ രാജാക്കാട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സീനിയർ ക്ളർക്ക് ശ്രീ.സുരേന്ദ്രൻ. എം.നെ ഹെഡ് ക്ളർക്കായി ഉദ്യോഗക്കയറ്റം നൽകി ഇടുക്കി ജില്ലയിലെ തന്നെ ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കുകയുണ്ടായി. തുടർന്ന് ഭരണ സൗകര്യത്തിനായി ഈ ഓഫീസിലെ ഇ.ഡി 1/07/17 തീയതി 12.07.17 പ്രകാരം ടിയാനെ എറണാകുളം ജില്ലയിലെ കരുവേലിപ്പടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ മാറ്റി നിയമിക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സൂചന (2) ഇടക്കാല ഉത്തരവ് പ്രകാരം ശ്രീ.എം. സുരേന്ദ്രനെ കരുവേലിപ്പടി സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മാറ്റി നിയമിച്ച നടപടി സ്റ്റേ ചെയ്യുകയുണ്ടായി. ആയതിനാൽ ചിത്തിരപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കപ്പെട്ട കോട്ടയം ജില്ലയിലെ കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിലെ ഹെഡ് ക്ളാർക്ക് ശ്രീ.പത്മകുമാറിനെ വിടുതൽ ചെയ്തെങ്കിലും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല. ടി കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിയമിച്ച് ശ്രീമതി ഷീല.വി.നായർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ടി സാഹചര്യത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം | മാറ്റി നിയമിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| 1 | ശ്രീ. സുരേന്ദ്രൻ.എം | സാമൂഹികാരോഗ്യ കേന്ദ്രം. ചിത്തിരപുരം ഇടുക്കി | സാമൂഹികാരോഗ്യ കേന്ദ്രം. ചിത്തിരപുരം ഇടുക്കിയിൽ നിലനിർത്തിയിരിക്കുന്നു |
| 2 | ശ്രീമതി. ഷീല വി. നായർ | കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി. കോട്ടയം | ജനറൽ ആശുപത്രി. പാലാ, കോട്ടയം |
| 3 | ശ്രീ. പത്മകുമാർ | കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തത് | കെ.ആർ നാരായണൻ മെമ്മോറിയൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി. കോട്ടയം |

ടി ജീവനക്കാർ തങ്ങളെ നിയമിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ *പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും* ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്. വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സൂചന (2) *പ്രകാരമുള്ള വിധി ഇതിനാൽ നടപ്പിലാക്കിയിരിക്കുന്നു.*

ഒപ്പ്
*സി.എം.* **അജയമോഹൻ**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

*സ്വീകർത്താവ്*

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ എ.ഒ യുടെ സി.എ
2. ആരോഗ്യവകുപ്പ് ഡയറക്റുടെ ഔദ്യോഗിക വെബ്സൈറ്റ്
3. *ഫയൽ / സ്റ്റോക്ക് ഫയൽ*

// അംഗീകാരത്തോടെ //

സൂപ്രണ്ട്

ഒന്ന് 24.08.2017

0485534
GOVERNMENT OF KERALA